# ദൈവത്തെ രുചിച്ചറിയുക

## സങ്കീർത്തനം 34:8

"യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ;"

തന്റെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വളരെ വിശിഷ്ടമായ ഒരു സത്യം ദാവീദ് ഈ ലോകത്തോട് വിളിച്ചു പറയുകയാണിവിടെ. യഹോവ നല്ലവൻ എന്നു രുചിച്ചറിയുവിൻ. കർത്താവ് നല്ലവൻ എന്നതിന് യാതൊരു തർക്കവുമില്ല. അവൻ നല്ലവൻ എന്നു നാം അറിഞ്ഞിരിക്കുന്നു, അത് വിശ്വസിച്ചുമിരിക്കുന്നു. പക്ഷെ എന്തിന്റെ അടിസ്ഥാനത്തിലാണ് കർത്താവ് നല്ലവൻ എന്ന നിഗമനത്തിൽ നാം എത്തിയിരിക്കുന്നത് എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു.

പ്രിയ ദൈവ പൈതലേ, നമ്മൾ ആരും തന്നെ യേശുകർത്താവിനെപ്പറ്റി ആഴമായ ഒരു പഠനം നടത്തിയതിനു ശേഷം, നമ്മുടെ ജീവിതത്തിലേക്ക് കൈക്കൊള്ളുകയല്ലായിരുന്നു. മറിച്ച് അവന്റെ കൃപയാൽ, ദൈവസ്നേഹത്തെ രുചിച്ചറിഞ്ഞ് കണ്ണുമടച്ച് കർത്താവിനെ അനുഗമിച്ചവരാണ്. സാധാരണ ഒരു ആഹാര സാധനം നാം കാണുമ്പോൾ അതിന്റെ രുചി നമുക്ക് അറിയില്ല. എന്നാൽ നാം അതിനെ നന്നായി ഒന്നു നോക്കി അതിനെക്കുറിച്ചുള്ള കാര്യങ്ങൾ ഗ്രഹിക്കുന്നു, എന്നിട്ട് അതിനെ രുചിക്കുവാനായി കഴിക്കുന്നു. അപ്പോൾ മാത്രമാണ് അതിന്റെ രുചി നാമറിയുന്നത്. ഇവിടെ രുചിക്കുക എന്നത് ഏറ്റവും ഒടുവിലത്തെ പ്രക്രിയയാണ്. എന്നാൽ കർത്താവിന്റെ കാര്യത്തിൽ മറിച്ചാണ് സംഭവിക്കേണ്ടിയത്; ആദ്യം, കണ്ണുമടച്ച് കർത്താവിനെ രുചിക്കുക അതിനു ശേഷം അവനെപ്പറ്റി അറിയുവാൻ ആരംഭിക്കുക. കർത്താവിനെയും, അവന്റെ സവിശേഷതകളേയും രുചിച്ചറിഞ്ഞ ശേഷമാണ് നാം അവനെക്കുറിച്ച് പഠിക്കുവാൻ ആരംഭിച്ചത്. ആ പഠനം ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. അത് നിത്യതയിൽ നാം കർത്താവിന്റെ പൂർണ്ണരൂപം കാണുന്നതു വരെ തുടരുക തന്നെ ചെയ്യും.

നമുക്ക് ഈ ലോകത്തിൽ ജീവിക്കണമെങ്കിൽ കർത്താവിന്റെ കരുണയും, ദയയും, കൃപയും, അനുഗ്രഹങ്ങളുമൊക്കെ ആവശ്യമായിരിക്കുന്നു, അവൻ അത് തന്നുകൊണ്ടുമിരിക്കുന്നു. എന്നാൽ ഇന്നു പലർക്കും ക്രിസ്തുവിന്റെ അനുഗ്രഹങ്ങളും, സഹായങ്ങളും, സൗഖ്യങ്ങളും വേണം; പക്ഷെ ക്രിസ്തുവിനെ വേണ്ട. ദാനങ്ങളെ വേണം ദാതാവിനെ വേണ്ട. എന്നാൽ ദാവീദ് ഈ സങ്കീർത്തനത്തിലൂടെ ഉദ്ബോധിപ്പിക്കുന്നത്, കർത്താവ് നല്ലവൻ എന്ന് പറയുകയും പാടുകയും മാത്രമല്ല, നമ്മുടെ എല്ലാവരുടെയും വ്യക്തിപരമായ ജീവിതത്തിൽ, അവൻ നല്ലവൻ എന്ന് അനുഭവിച്ചറിയേണ്ടിയും ഇരിക്കുന്നു. ദൈവം നമുക്ക് തരുന്ന എല്ലാ ദാനത്തിന്റെയും അനുഗ്രഹങ്ങളുടെയും സ്വാദും

അതിന്റെ മാധുര്യവും നുകർന്നു തന്നെ, അവൻ സംപുഷ്ടമായ ഒരു ഉപകാരി എന്ന് നാം രുചിച്ചറിയുക.

പ്രിയരേ, ദൈവത്തിന്റെ വൈശിഷ്ട്യം, ഒരു മധുരമുള്ള ഭക്ഷണമായി, നമ്മുടെ നാവിനടിയിൽ ഉണ്ടായിരിക്കട്ടെ. അതു നമ്മെ നിരന്തരം അവനോടുള്ള സ്തുതി സ്തോത്ര കീർത്തനങ്ങളാൽ നിറയുവാൻ ഇടയാക്കിത്തീർക്കട്ടെ എന്നു പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:
1 പത്രോസ് 2:3
കർത്താവു ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ.

ബ്രദർ. ബിനു ബേബി ആലപ്പുഴ 190